ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആത്മഹത്യയുടെ നിരക്കെത്രയാണ്;

(ബി) 1997-98, 1998-99 എന്നീ വർഷങ്ങളിൽ എത്ര കൂട്ട ആത്മഹത്യകൾ ഉണ്ടായി;

(സി) ഈ ആത്മഹത്യകൾക്കും, കൂട്ട ആത്മഹത്യകൾക്കുമുള്ള മുഖ്യ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കടക്കെണി ഇതിനൊരു മുഖ്യ കാരണമാണോ;

(ഇ) എങ്കിൽ ഇത്തരം ആത്മഹത്യകൾ ഇല്ലാതാക്കുവാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 1998-ൽ സംസ്ഥാനത്തെ ആത്മഹത്യാനിരക്ക് 28.6 (ലക്ഷത്തിന്)

(ബി) 1997-98 - 170
1998-99 - 160

(സി) കുടുംബ പ്രശ്നങ്ങൾ, മാരക രോഗങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ട്, ജീവിത നൈരാശ്യം എന്നിവ മുഖ്യ കാരണങ്ങളാണെന്ന് അറിവായിട്ടുണ്ട്.

(ഡി) ചില സന്ദർഭങ്ങളിൽ കടക്കെണിയും ഒരു കാരണമാണ്.

(ഇ) ജനങ്ങളെ ബോധവൽക്കരിച്ചാൽ മാത്രമേ ഇത്തരം സംഭവങ്ങൾ കുറച്ചുകൊണ്ടു വരുവാൻ സാധിക്കുകയുള്ളൂ.

57 (2242) കുറ്റകൃത്യങ്ങളുടെ വിശകലനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കുറ്റകൃത്യങ്ങളിൽ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായും പലിശയ്ക്ക് പണം നൽകുന്നവരുമായും പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട എത്ര കേസ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ഏതു വിധത്തിലുള്ള കുറ്റകൃത്യങ്ങളാണ് ഏറ്റവും മധികം നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വിധത്തിൽപ്പെട്ട ക്രിമിനോളജിക്കൽ അനാലിസിസ് കേരളത്തിൽ നടക്കുന്നുണ്ടോ; സംസ്ഥാന പോലീസിന്റെ ക്രിമിനോളജി വിഭാഗം ക്രിമിനോളജിക്കൽ പീരിയോഡിക്കൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 323 കേസ്സുകൾ.

(ബി) ട്രാഫിക് കുറ്റകൃത്യങ്ങൾ.

(സി) സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ സംസ്ഥാനത്ത് നടക്കുന്ന കുറ്റകൃത്യങ്ങളുടെ വിവരം ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.
406/2010.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ട്രെയിനിംഗ് കോളേജിൽ ഒരു ക്രിമിനോളജിസ്റ്റ് പ്രവർത്തിച്ചു വരുന്നു. ക്രിമിനോളജിക്കൽ പീരിയോഡിക്കൽ റിപ്പോർട്ടുകളൊന്നും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല.

58 (2243) ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മെഴുവേലി പഞ്ചായത്തിൽ ഇലവുംതിട്ടയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വളരെയേറെ വർഷങ്ങളായി ഉന്നയിച്ചുപോരുന്ന ആവശ്യമാണെന്ന നിലയിൽ ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റിൽ ഇലവുംതിട്ട എന്ന സ്ഥലവും ഉൾപ്പെടുത്തി ഡി.ജി.പി. യിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

59 (2244) പോലീസ് ക്യാമ്പിലെ സൗകര്യം മെച്ചപ്പെടുത്തൽ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലുള്ള മണിയാർ പോലീസ് ക്യാമ്പിൽ ഇപ്പോൾ എത്ര പോലീസുകാർ പരിശീലനം നേടുന്നു;

(ബി) ഇത്രയും പേർക്ക് താമസിക്കുവാൻ സൗകര്യപ്രദമായ ബാരക്കുകൾ നിർമ്മിക്കുവാൻ ഇത്രയും നാളായിട്ടും കഴിയാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ടൗണിൽനിന്നും മാറി ഒറ്റപ്പെട്ട ഈ ക്യാമ്പിലെ അന്തേവാസികൾക്ക് റിക്രിയേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പോലീസ് വകുപ്പിന്റെ സഹായം ലഭിക്കാത്തതുമൂലം പോലീസുകാർ ഇവിടെ പിരിവെടുത്ത് ഡിഷ് ആന്റിന സ്ഥാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കായിക മത്സരങ്ങളും കായിക പരിശീലനവും കൂടി നേടുവാൻ സൗകര്യമുണ്ടാകുകയും അതിന് വേണ്ട ഉപകരണങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly